# അദ്ധ്യായം – 10



*സായിബാബയുടെ ജീവിതരീതിയും ഉറങ്ങുന്ന പലകയും – ഷിർദ്ദിയിലെ താമസവും ബാബയുടെ ഉപദേശങ്ങളും – ബാബയുടെ എളിയ ഭാവം – എളുപ്പവഴി.*

സായിബാബയെ പ്രേമത്തോടുകൂടി ഓർമ്മിക്കുക. ബാബ നന്മ ചെയ്യാനായി സദാ ആത്മബോധത്തോടുകൂടി നില കൊള്ളുകയാണ് ബാബയുടെ ഓർമ്മ ജനനമരണങ്ങളെ പരിഹരിക്കുന്നതാണ്. ഇത് ചിലവില്ലാതെ സുഗമമായ സാധനയാണ്. ചെറിയ അദ്ധ്വാനം വലിയ ഫലം തരുന്നു. സ്വബുദ്ധി നിലനിൽക്കുന്നതുവരെ ഓരോ മിനുട്ടിലും നാം ഈ സാധന ചെയ്യേണ്ടതാണ്. മറ്റ് ദേവന്മാർ നമുക്ക് കാണാൻ പറ്റാത്തവരാണ്. ഗുരുമാത്രമാണ് ഒരേ ഒരു ദൈവം. സദ്ഗുരു പാദാരവിന്ദത്തെ സ്മരിച്ചാൽ ബാബ നമ്മെ നന്മയിലേക്കു നയിക്കും. വേണ്ടപോലെ ഉപചരിച്ചാൽ നാം സംസാര ദുഃഖത്തിൽ നിന്ന് രക്ഷപ്പെടും. ന്യായ മീമാംസാ ദികളൊന്നും പഠിക്കേണ്ടതില്ല. ബാബ അമരത്തിലിരിക്കുമ്പോൾ ദുഃഖത്തിന്റെയും വേദനയുടെയും നദികളും കടലുകളും എളുപ്പം മുറിച്ചുകടക്കാൻ കഴിയും. കടത്തുകാരനെ പുഴയും കടലും കടക്കാൻ വിശ്വസിക്കുമ്പോലെ സംസാരസാഗരം കടക്കുന്നതിൽ സദ്ഗു

രുവെ വിശ്വസിച്ചാൽ മതി. സദ്ഗുരു, ഭക്തന്റെ ഭക്തിയെ മാത്രം ശ്രദ്ധിച്ച് ജ്ഞാനവും ആനന്ദവും പ്രദാനം ചെയ്യുന്നു.

**ബാബയുടെ ശയനസാമഗ്രികൾ**

എവിടെ എങ്ങിനെ ബാബ ഉറങ്ങിയിരുന്നു എന്നു നമുക്കു നോക്കാം. നാനാസാഹെബ് ഡേംഗ്‌ലേ നാലുമുഴം നീളവും ഒരു മുഴം വീതിയുമുള്ള ഒരു മരപ്പലക ബാബക്ക് ഉറങ്ങാൻ കിടക്കാനായി കൊണ്ടുവന്നു. അത് നിലത്ത് വെച്ച് ഉറങ്ങുന്നതിനു പകരം ബാബ അത് പഴയ തുണിക്കഷണങ്ങളെക്കൊണ്ട് കെട്ടിത്തൂക്കി അതിന്മേൽ ഉറങ്ങാൻ തുടങ്ങി. തുണിക്കഷണങ്ങൾ അത്രമാത്രം ബലഹീനവും പഴയതുമായതിനാൽ പലക തന്നെ എങ്ങിനെ താങ്ങുമെന്ന തരത്തിലായിരുന്നു. അതിന്മേലാണ് ബാബയുടെ കിടപ്പ്. ബാബയുടെ ലീല എന്നേ പറയാവൂ. പലകയും ബാബയും എല്ലാം ഒരു തകരാറും കൂടാതെ ആ തുണിക്കഷ്ണത്തിന്മേൽ വീഴാതെ നിന്നു. പോരെങ്കിൽ ആ പലകയുടെ നാലു മൂലയിലും ബാബ മൺവിളക്ക് കത്തിച്ചും വെക്കും. അതു രാത്രി മുഴുവൻ കത്തികൊണ്ടിരിക്കും. ബാബ ആ പലകയിൽ ഇരിക്കുന്നതും കിടക്കുന്നതും ഒരു അതിശയകരമായ കാഴ്ച തന്നെയായിരുന്നു. പലരും ജിജ്ഞാസുക്കളായി ബാബ കയറുന്നതും ഇറങ്ങുന്നതും സൂക്ഷിച്ചുനോക്കാൻ മസ്ജിദിൽ വന്നുകൂടി. പക്ഷെ ആർക്കും ബാബ കയറുന്നതോ ഇറങ്ങുന്നതോ കാണാൻ കഴിയില്ല. തിരക്കു വർദ്ധിച്ചു വരുന്നതു കണ്ടപ്പോൾ ഒരു ദിവസം ബാബ പലക വലിച്ചെടുത്ത് തല്ലിപ്പൊളിച്ചു വലിച്ചെറിഞ്ഞു. ബാബക്ക് അഷ്ടസിദ്ധികളുമുണ്ടായിരുന്നു. അവ ബാബ ഒരിക്കലും പ്രവൃത്തിപ്പിച്ചിരുന്നില്ല. ബാബയുടെ പൂർണ്ണതകൊണ്ട് അവ താനെ വന്നുകൊണ്ടിരുന്നു.

## സഗുണ ബ്രഹ്മം

ബാബ 3 1/2 മുഴം ശരീരത്തിലുള്ള (ഉയരമുള്ള) ഒരു സാധാരണ മനുഷ്യനെപ്പോലെ കാഴ്ചയിൽ തോന്നുമെങ്കിലും സായിബാബ എല്ലാവരുടെയും ഹൃദയത്തിൽ കുടികൊണ്ടു ആന്തരികമായി നിസ്സംഗനും നിർമ്മയനുമായിരുന്നെങ്കിലും പുറമെക്ക് എല്ലാവരുടെയും ക്ഷേമത്തെ ശ്രദ്ധിച്ചിരുന്നു. ആന്തരികമായി ബ്രഹ്മസ്വരൂപമായിരുന്നെങ്കിലും പുറമെക്ക് മുൻകോപിയും ശുണ്ഠിക്കാരനുമായി പെരുമാറി. ആന്തരികമായ് അദ്വൈതഭാവമായിരുന്നെങ്കിലും പുറമെക്ക് ലൗകീകത്തിൽപ്പെട്ടപോലെ പെരുമാറി. ചിലപ്പോൾ എല്ലാവരോടും പ്രേമത്തിൽ പെരുമാറും. മറ്റവസരങ്ങളിൽ അവരെ കല്ലെറിയും, ചിലപ്പോൾ ചീത്ത പറയും, മറ്റവസരങ്ങളിൽ കെട്ടിപ്പിടിച്ച് ശാന്തമായി പെരുമാറും. എപ്പോഴും ബ്രഹ്മത്തിൽ ലയിച്ച് ഭക്തന്മാരുടെ കാര്യത്തിൽ ജാഗരൂകനായിരിക്കും. ഒരേ ആസനത്തിൽ ഇരിക്കലല്ലാതെ യാത്രപോവൽ പതിവില്ല. കയ്യിൽ എല്ലായ്പ്പോഴും ഒരു ദണ്ഡുണ്ടായിരിക്കും. ധനത്തിനും ഖ്യാതിക്കും ശ്രദ്ധിക്കാതെ ഭിക്ഷ യാചിക്കുമായിരുന്നു. അള്ളാ മാലിക്ക് എന്ന് എപ്പോഴും പറയും ഭക്തന്മാരോട് പൂർണ്ണവും അവിച്ഛിന്നവുമായ പ്രേമമാണ്. ബാബ ആത്മജ്ഞാനത്തിന്റെ വിളനിലമായിരുന്നു. അതായിരുന്നു സായിബാബയുടെ ദിവ്യരൂപം. ലോകതത്വം മുഴുവൻ സായിബാബയിൽ ഉടലെടുത്തു. അതറിയാവുന്നവർ മനസ്സിലാക്കി. മറ്റുള്ളവർ അത് മനസ്സിലാക്കാതെ കഷ്ടതയിൽ നിന്ന് മോചനമില്ലാതെ കഴിഞ്ഞു.

## ബാബയുടെ ഷിർദ്ദിയിലെ താമസവും ജനന കാലവും

ആർക്കും സായിബാബയുടെ മാതാപിതാക്കളെപ്പറ്റിയോ ജനനകാലത്തെപ്പറ്റിയോ കൃത്യമായി അറിഞ്ഞുകൂട. പക്ഷെ ഷിർദ്ദിയിലെ താമസം കൊണ്ട് ജനനകാലം കണക്കാക്കാം. പതി

നാറു വയസ്സുള്ളപ്പോൾ ബാബ ആദ്യം ഷിർദ്ദിയിൽ വന്ന് മൂന്നു കൊല്ലത്തോളം താമസിച്ചു. പിന്നെ പെട്ടെന്ന് കാണാതായി. പിന്നെ ഔറംഗാബാദിൽ കണ്ടു. പിന്നെ ചാന്ദ്പട്ടേലിന്റെ കല്യാണ പാർട്ടിയോടൊപ്പം ഷിർദ്ദിയിൽ വന്നു. അന്ന് 23 വയസ്സുണ്ട്. പിന്നെ 60 കൊല്ലം ഷിർദ്ദിയിൽ താമസിച്ചു. 1918-ൽ മഹാസമാധിയായി. അതിൽ നിന്നും ഏകദേശം ജനനകാലം 1838 ആണെന്ന് അനുമാനിക്കാം.

**ബാബയുടെ ജീവിതോദ്ദേശവും ഉപദേശവും**

ഋഷിരാമദാസ് (1608-81) 17-ാം നൂറ്റാണ്ടിൽ ജീവിച്ചു യവനന്മാരിൽ നിന്നും പശുക്കളെയും ബ്രാഹ്മണരെയും രക്ഷിക്കുന്ന കൃത്യം നിർവ്വഹിച്ചു. പിന്നീട് 2 നൂറ്റാണ്ടിനുള്ളിൽ ഹിന്ദു മുസ്ലീം വിരോധം വർദ്ധിച്ചുവന്നു. അതു തീർക്കാനാണ് സായി ബാബ വന്നത്. ബാബ സദാ പറയും രാമനും റഹീമും ഒന്നു തന്നെയാണ് അവർ തമ്മിൽ ലേശംപോലും വ്യത്യാസമില്ല. പിന്നെ എന്തിനാണ് അവരുടെ ഭക്തന്മാർ പിണങ്ങി മത്സരിക്കുന്നത് ? നിങ്ങൾ വിവരമില്ലാതെ പ്രവൃത്തിക്കരുത് കുട്ടികളെ! കൈകോർത്ത് പിടിച്ച് രണ്ടു സമുദായങ്ങളും മൈത്രിയിൽ പ്രവൃത്തിച്ചാൽ ദേശീയൈക്യം സാദ്ധ്യമാവും. മത്സരിക്കുന്നതും വാദിക്കുന്നതും നല്ലതല്ല. അതുകൊണ്ട്, വാദിക്കാനോ മറ്റുള്ളവരെ ഇടിച്ചുതാഴ്ത്താനോ നിൽക്കരുത്. നിങ്ങളുടെ താൽപര്യത്തിലും നേട്ടത്തിലും ശ്രദ്ധിക്കുക. ഭഗവാൻ നിങ്ങളെ രക്ഷിക്കും. യോഗം, യാഗം, തപം, ജ്ഞാനം ഇവയാണ് ദൈവീകത്വം ലഭിക്കാനുള്ള മാർഗ്ഗങ്ങൾ. ഇതിൽ നിങ്ങൾ വിജയിക്കുന്നില്ലെങ്കിൽ നിങ്ങളുടെ അദ്ധ്വാനം വെറുതെയാണ്. ആരെങ്കിലും നിങ്ങൾക്കഹിതം പ്രവൃത്തിച്ചാൽ പകവീട്ടാനൊരുങ്ങരുത് എന്തെങ്കിലും ചെയ്യണമെന്നുണ്ടെങ്കിൽ മറ്റുള്ളവർക്ക് നന്മമാത്രം ചെയ്യുവിൻ. ഇതാണ് ബാബ

യുടെ ഉപദേശം. ഇതു ഭൗതീകമായും ആദ്ധ്യാത്മീകമായും നല്ല താണ്.

**സായിബാബ സദ്ഗുരു**

പല ഗുരുക്കന്മാരുണ്ട്. ചിലർ വീണയും ചെണ്ടയുമെല്ലാ മായി വീടുതോറും കയറി ഇറങ്ങും. അവർ മന്ത്രങ്ങൾ ഉപദേ ശിച്ചും ദൈവത്വം നടിച്ചും പണം കയ്ക്കലാക്കും. അവർ ഭക്തിയും മത തത്വങ്ങളും പഠിപ്പിക്കുമെങ്കിലും അവർക്കു തന്നെ അതിനെപ്പറ്റി വലിയ ജ്ഞാനമുണ്ടായിരിക്കില്ല. അവർ ഭക്തഹീ നരായും മതവിരുദ്ധരായും പെരുമാറുകയും ചെയ്യും. സായി ബാബ ഒരിക്കലും  കഴിവ് പ്രദർശിപ്പിച്ചിരുന്നില്ല. ദേഹ ചിന്ത ബാബയ്ക്കില്ലായിരുന്നു. ശിഷ്യരെ വളരെ പ്രേമമായിരുന്നു. രണ്ടു തരം ഗുരുക്കന്മാരാണ്. 1. നിയത് - നിശ്ചയിക്കപ്പെട്ടവർ 2. അനി യത് - യദൃച്ഛയാ വരുന്നവർ. ഈ രണ്ടാമത് പറഞ്ഞവർ നമ്മിൽ സൽഗുണം വളർത്തി ഹൃദയ ശുദ്ധി വരുത്തി മുക്തിമാർഗ്ഗത്തി ലേക്ക് നമ്മെ നയിക്കുന്നു. ആദ്യ വിഭാഗത്തിൽപ്പെട്ടവർ നമ്മുടെ ദ്വന്ദഭാവം കളഞ്ഞ് ഈശ്വരൈക്യം വളർത്തി തത്വമസി എന്ന ഭാവം ഉണ്ടാക്കിതരുന്നു. മറ്റു പല ഗുരുക്കളും പല ലൗകിക കാര്യങ്ങളും പഠിപ്പിച്ചു തരുന്നു. ആരാണ് ആത്മജ്ഞാനം തന്ന് സംസാരസാഗരം കടത്തിവിടുന്നത് അവരാണ് സദ്ഗുരു. സായി ബാബ അത്തരം ഒരു സദ്ഗുരുവായിരുന്നു. ബാബയുടെ മാഹാത്മ്യം അവർണ്ണനീയമാണ്. ആരെങ്കിലും ദർശനത്തിന് പോയാൽ ചോദിക്കാതെ തന്നെ അയാളുടെ ഭൂതം ഭാവി വർത്ത മാന കാലങ്ങളിലെ കാര്യങ്ങളെല്ലാം പറയും. ബാബ എല്ലാ ജീവ ജാലങ്ങളിലും ദൈവത്വം ദർശിച്ചു. മിത്രവും ശത്രുവും ബാബക്ക് ഒരേപോലെയായിരുന്നു. ബാബ സന്ദേഹരഹിതനായിരുന്നു. ബാബക്ക് ദേഹത്തിലോ ഗൃഹത്തിലോ താൽപര്യമില്ലായിരുന്നു. ബാബ ഇതേ ജന്മത്തിൽതന്നെ ജീവന്മുക്തനായിരുന്നു.





ബാബയെ ദൈവതുല്യം ആരാധിച്ച ഷിർദ്ദിയിലുള്ളവർ അനുഗ്രഹീതരാണ്. ഭക്ഷിക്കുമ്പോഴും, പാനം ചെയ്യുമ്പോഴും പ്രവൃത്തി എടുക്കുമ്പോഴും അവർ സായിയെ ഓർമ്മിച്ച് ബാബയുടെ അപദാനങ്ങൾ പാടി. അവർ അക്ഷരജ്ഞാനമില്ലാത്തവരെങ്കിലും അവരുടെ പരിശുദ്ധ പ്രേമം പ്രചോദനം നൽകിയാണ് അവർ ഈ ഗാനങ്ങൾ രചിച്ചത്. അവരുടെ പാട്ടുകൾ കവിത നിറഞ്ഞവയായിരുന്നു. വിവരമല്ല പ്രേമമാണ് അത്തരം ഗാനങ്ങൾ നിർമ്മിക്കാൻ പ്രേരിപ്പിച്ചത്. ഈ ഗാനങ്ങൾ സമ്പാദിച്ച് സായി ലീലാ മാസികയിലോ പുസ്തകരൂപേണയോ പ്രസിദ്ധീകരിക്കാൻ ബാബ അനുഗ്രഹിച്ച് ആരെങ്കിലും മുന്നോട്ട് വരട്ടെ.

## ബാബയുടെ എളിയഭാവം

ഭഗവാന് 6 ഗുണങ്ങളുണ്ട്. 1. കീർത്തി, 2. സമ്പത്ത്, 3. നിസ്സംഗത്വം, 4. ജ്ഞാനം, 5. മഹത്വം, 6. ഔദാര്യം. ബാബക്കിതെല്ലാമുണ്ടായിരുന്നു. ഭക്തന്മാർക്കുവേണ്ടിയാണ് ബാബ മാനുഷരൂപം കൈകൊണ്ടത്. ബാബയുടെ ദയയും അനുഗ്രഹവും അതിശയകരമാണ്. ഭക്തന്മാരെ ബാബ ആകർഷിച്ചിരുന്നു. ഭക്തന്മാർക്കുവേണ്ടി ബാബ അമൃതവാണി പൊഴിക്കുമായിരുന്നു. ബാബ ഒരിക്കൽ വിനീതമായി ഇപ്രകാരം പറഞ്ഞു. അടിമകളിലടിമയായ ഞാൻ നിങ്ങളുടെ കടക്കാരനാണ്. ഞാൻ നിങ്ങളുടെ ദർശനംകൊണ്ട് സംതൃപ്തനാണ്. നിങ്ങളുടെ പാദം എനിക്ക് കാണാൻ കഴിഞ്ഞത് വലിയ കാര്യമാണ്. ഞാൻ നിങ്ങളുടെ മലത്തിലെ കൃമിക്ക് തുല്യമാണ്. ഞാൻ അനുഗ്രഹീതനായി കരുതുന്നു. ഇതെന്തൊരു വിനയമാണ്! ഇതിൽ സായിക്ക് അപമാനകരമായി വല്ലതും തോന്നുന്നുവെങ്കിൽ അതിന്ന് പരിഹാരമായി ബാബയുടെ നാമം ഉച്ചരിക്കുക. ഭോഗ്യങ്ങളിൽ ബാബക്ക് താൽപര്യമില്ലായിരുന്നു. തിന്നുന്നതിൽ സ്വാദു നോക്കലില്ല. കാണുമെങ്കിലും എന്താണ് കാണുന്നതെന്ന താല്പര്യമില്ല. ഹനുമാനെ

പോലെ ബ്രഹ്മചാരിയായിരുന്നു. സായി പരിപൂർണ്ണനായിരുന്നു. ഒരു ഉദാഹരണം പറയാം

## നാനാവല്ലി

ഷിർദ്ദിയിൽ പ്രത്യേകതരം സ്വഭാവക്കാരനായി നാനാവല്ലി എന്ന ഒരാളുണ്ടായിരുന്നു. അയാൾ ബാബയുടെ പ്രവൃത്തിക ളിലും മറ്റു കാര്യങ്ങളിലും ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ അയാൾ ബാബ ആസനസ്ഥനായിരിക്കുന്നവിടെ ചെന്നു ബാബയോടെ ഴുന്നേൽക്കാനും അയാൾക്ക് അവിടെ ഇരിക്കണമെന്നും പറ ഞ്ഞു. ബാബ ഉടനെ എഴുന്നേറ്റുകൊടുത്തു. കുറച്ചവിടെ കയറി ഇരുന്ന് എഴുന്നേറ്റ് നാനാവല്ലി ബാബയോട് ഇരുന്നോളാൻ പറ ഞ്ഞു. ബാബയിരുന്നതിൽ പിന്നെ നാനാവല്ലി നമസ്കരിച്ച് അവി ടുന്ന് പോയി. ബാബക്ക് ഒരു വിഷമവും ഇതിൽ തോന്നിയി ല്ല.നാനാവല്ലി ബാബയുടെ വലിയ ഭക്തനായി. ബാബ സമാധി യായതിന്റെ പതിമൂന്നാം ദിവസം അന്ത്യശ്വാസം വലിച്ചു.

## എളുപ്പവഴി ഋഷിമാരുടെ കഥകേൾക്കലും അവരുടെ സംസർഗ്ഗവും

സാധാരണക്കാരനെപ്പോലെ ബാബ പെരുമാറുമെങ്കിലും ബാബയുടെ പ്രവൃത്തികളിൽ അസാധാരണ സാമർത്ഥ്യവും ബുദ്ധിശക്തിയും പ്രകടമായിരുന്നു. എന്തു ചെയ്യുന്നതും ഭക്ത ന്മാർക്കുവേണ്ടിയായിരുന്നു. ആസനമോ അഭ്യാസമോ അനുഷ്ഠാ നമോ മന്ത്രമോ ഒന്നും ബാബ നിർദ്ദേശിച്ചില്ല. ബാബ പറഞ്ഞത് എല്ലാ സാമർത്ഥ്യവും ഉപേക്ഷിച്ച് സായി -സായി എന്ന് മാത്രം സ്മരിച്ചാൽ മതി എന്നാണ്. ബാബ നിർദ്ദേശിച്ച പ്രകാരം ചെയ്താൽ നിങ്ങളുടെ എല്ലാ കെട്ടുകളും അഴിഞ്ഞ് സ്വതന്ത്ര നാവാം. അഗ്നിഹോത്രം മുതലായത് ബ്രാഹ്മണർക്ക് മാത്രമാണ്.





മറ്റുള്ളവർക്ക് അത് പ്രയോജനകരമല്ല. മനസ്സ് ചിന്താകുലമാണ്. ചിന്തിക്കാതിരിക്കാൻ മനസ്സിന്നു കഴിയില്ല. അതിന് ചിന്താവിഷയം കൊടുത്താൽ അതിനെപ്പറ്റിതന്നെ ചിന്തിച്ചിരിക്കും. ഗുരുവെ ചിന്തിക്കാൻ കൊടുത്താൽ ഗുരുവെപ്പറ്റി ചിന്തിക്കും. നിങ്ങൾ ശ്രദ്ധാപൂർവ്വം സായിയുടെ മഹത്വം കേട്ടു. ഋഷിമാരുടെ കഥ കേൾക്കൽ മറ്റു സാധനകൾപോലെ പ്രയാസമല്ലല്ലോ. അവ സംസാര ദുഃഖമകറ്റി ആദ്ധ്യാത്മികത്തിലേക്കു നയിക്കുന്നു. അതിനാൽ ആ കഥകൾ ശ്രദ്ധിച്ച് സ്മരിച്ച് ധ്യാനിക്കുവിൻ. ഇത് ബ്രാഹ്മണനും താണജാതിക്കാരനും പുരുഷനും സ്ത്രീക്കും എല്ലാം കഴിയുന്നതാണ്. നിങ്ങൾ മറ്റു പ്രവൃത്തികളിൽ വ്യാപൃതരാണെങ്കിലും സായിയെ ഓർത്തുകൊണ്ടിരുന്നാൽ രക്ഷപ്പെട്ടു. ഇത് എളുപ്പവഴിയായിട്ടും എന്താണെല്ലാവരും അത് സ്വീകരിക്കാത്തത് ? കാരണം ദൈവാനുഗ്രഹമില്ലെങ്കിൽ കഥകേൾക്കാനും തോന്നില്ല എന്നതാണ്. ദൈവാനുഗ്രഹംകൊണ്ട് എല്ലാം സുഗമവും സുസാദ്ധ്യവുമാകുന്നു. ഋഷിമാരുടെ കഥാശ്രവണം ഒരുതരത്തിൽ അവരുടെ സംസർഗ്ഗമാണ്. ഋഷിമാരുടെ സമ്പർക്കം വളരെ പ്രധാനപ്പെട്ടതാണ്. അത് നിസ്സംഗത്വം വളർത്തി മോക്ഷത്തിലേക്ക് നയിക്കുന്നു. നാമോച്ചാരണം മുതലായ സാധനകളില്ലെങ്കിലും ഋഷിമാരിൽ അഭയം പ്രാപിച്ചാൽ അവർ നിങ്ങളെ നയിച്ചുകൊള്ളും. അതിനാണ് ഋഷിമാർ പ്രത്യക്ഷപ്പെടുന്നത്. ഗംഗാ, ഗോദാവരി, കാവേരി മുതലായ പുണ്യനദികൾ മറ്റുള്ളവരുടെ കളങ്കം കളഞ്ഞ് പരിശുദ്ധമാക്കുമ്പോൾ ഋഷിമാരുടെ പാദസ്പർശമേറ്റ് പരിശുദ്ധമാവാൻ ആഗ്രഹിക്കുകയാണ്. അതാണ് ഋഷിമാരുടെ മഹത്വം. ചിരകാലപുണ്യംകൊണ്ടാണ് നമുക്ക് സായിബാബയെ കിട്ടിയത്. സായിയുടെ ആകൃതിയെ ധ്യാനിച്ചു ഈ അദ്ധ്യായം അവസാനിപ്പിക്കുക. മസ്ജിദിന്റെ ഒരറ്റത്ത് സുന്ദരകളേബരനായ സായി നിലകൊള്ളുന്നതായും ഓരോ ഭക്തനും ക്ഷേമത്തിനായി ഉധി കൊടുക്കുന്നതായും ധ്യാനിച്ച് ലോകകാര്യങ്ങൾ ശ്രദ്ധിക്കാതെ

പരമാനന്ദസ്വരൂപിയായി നിലകൊള്ളുന്ന സായിബാബയുടെ മുന്നിൽ വിനയത്തോട്കൂടി ദീർഘദണ്ഡ നമസ്കാരം ചെയ്യുക.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ.